# യൂണിറ്റ് ഒന്ന്- പറവകൾ പാറി

ക്ലാസ് - ഒന്ന്. ഡിവിഷൻ കുട്ടികളുടെ എണ്ണം തീയതി

| പ്രക്രിയാപേജ് | വിലയിരുത്തൽ പേജ് |
|---|---|
| **പ്രവർത്തനത്തിന്റെ പേര്** - കിളിനാദം ( പരിസരപഠനം, കലാവിദ്യാഭ്യാസം,)<br>**പഠനലക്ഷ്യങ്ങൾ.**<br>1. പക്ഷികളുടെ ശബ്ദം അനുകരിച്ച് അവതരിപ്പിക്കുന്നു<br>2. ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. ( പരിസരപഠനം)<br>**പ്രതീക്ഷിത സമയം** - 35 മിനിറ്റ് | വീട്ടുവളപ്പിലും സ്കൂൾവളപ്പിലും നാട്ടുപക്ഷികളെയും അവയുടെ ശബ്ദവും ശ്രദ്ധിച്ച എത്ര കുട്ടികളുണ്ട്? |
| **കരുതേണ്ട സാമഗ്രികൾ**- ഒറിഗാമിക്കിളി, പേപ്പർ കൂട്, പശ, എ ഫോർ പേപ്പർ. പക്ഷികളുടെ ചിത്രങ്ങൾ, പക്ഷികളുടെ ശബ്ദം ( ഓഡിയോ)<br>**പ്രക്രിയാവിശദാംശങ്ങൾ-**<br>• നിങ്ങളെയൊക്കെ കാണാനായി ഇന്ന് എന്നോടൊപ്പം ഒരാൾ കൂടി എത്തിയിട്ടുണ്ട്. ഈ കവറിനുള്ളിലാണ് ആൾ. ആരാണെന്ന് ഊഹിക്കാമോ? (സ്വതന്ത്ര പ്രതികരണം). അതാരാണെന്ന് നോക്കിയാലോ?<br>• ടീച്ചർ കവറിനുള്ളിലേക്ക് കൈ കടത്തി ഉള്ളിലേക്ക് നോക്കി കവറിനുള്ളിലുള്ള പറവയോടായി പറയുന്നു. വരൂ വരൂ ദേ ഇവരെല്ലാം കാത്തിരിക്കുകയാണ്. ( കുട്ടികൾക്ക് ഉള്ളിലുള്ളത് എന്താണെന്ന് കാണാൻ കഴിയാത്ത വിധം പിടിക്കണം) | പക്ഷികളുടെ ശബ്ദം കേട്ട് കൂടുതൽ പക്ഷികളെ തിരിച്ചറിയുന്നവരാരെല്ലാം? |
| • പതിയെ കിളിയെ കവറിനുള്ളിൽ നിന്ന് ഇറക്കുന്നു. എല്ലാവരും കിളിക്ക് ഹായ് പറയൂ. ഓരോരുത്തരുടെയും അരികെ ചെന്ന് ഹായ് പറയിക്കുന്നു. ഈ കിളിയുടെ കൂട്ടുകാരായ മറ്റു പക്ഷികളും നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നുണ്ട്. അവർ ടീച്ചറിന്റെ മൊബൈലിൽ നിങ്ങൾക്കായി ഒരു മെസ്സേജ് അയച്ചിട്ടുണ്ട്. എന്താണെന്നോ നിങ്ങൾക്ക് കേൾക്കണോ?<br>ഘട്ടം ഒന്ന്- ***കിളിനാദം കേട്ട് കിളിയെ തിരിച്ചറിയൽ***<br>• മൊബൈലുപയോഗിച്ച് ഒരുപക്ഷിയുടെ ശബ്ദം ഓഡിയോ കേൾപ്പിക്കുന്നു. ഇത് ഏതു കിളിയാണെന്ന് മനസ്സിലായോ? സാരമില്ല, നമുക്ക് മറ്റൊരു കിളിയുടെ ശബ്ദം കൂടി കേൾക്കാം. പക്ഷേ കണ്ണടച്ചിരിക്കണം. ആളെ തിരിച്ചറിഞ്ഞവർ എഴുന്നേറ്റ് നിൽക്കണം. അവർ കേട്ട കിളിയുടെ ശബ്ദം ഉണ്ടാക്കണം. പേര് പറയണം. ശരിയായി പറഞ്ഞവരെ അഭിനന്ദിക്കുന്നു. | എത്രപക്ഷികളെവരെ ശബ്ദത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ തിരിച്ചറിയും |
| • തുടർന്ന് ടീച്ചർ ഒരു കുയിലിന്റെ ശബ്ദം ഓഡിയോ കേൾപ്പിക്കുന്നു. കുയിലിന്റെ ശബ്ദം തിരിച്ചറിഞ്ഞ കുട്ടികൾ എഴുന്നേറ്റ് നിന്ന് കുയിലിനെ പോലെ ശബ്ദം കേൾപ്പിക്കണം. എന്നിട്ട് പേരു പറയണം.<br>രണ്ടാം ഘട്ടം. **കിളിയുടെ പേരു പറഞ്ഞാൽ ശബ്ദം ഉണ്ടാക്കൽ**<br>• എല്ലാവരും കണ്ണടയ്ക്കുക. ഞാൻ കിളിയുടെ പേരു പറയുമ്പോൾ അതിന്റെ ശബ്ദം ഉണ്ടാക്കണം. കാക്ക, പ്രാവ്, കോഴി, താറാവ്, കുയിൽ എന്നിവയുടെ ശബ്ദം അനുകരിക്കാൻ അവസരം ഒരുക്കുന്നു.<br>• തുടർന്ന് സ്ക്രീനിൽ കിളികളെ കാണിക്കണം. എല്ലാവരും ശബ്ദം അനുകരിക്കണം. | പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക് എന്ത് അനുരൂപീകരണാനുഭവമാണ് ഒരുക്കിയത്? |
| • നാട്ടു പക്ഷികളുടെ ചിത്രം പ്രദർശിപ്പിക്കുന്നു. പേരു അറിയാവുന്നവർക്ക് പറയാൻ അവസരം നൽകാം.<br>• മൈന, കുയിൽ, തത്ത, മഞ്ഞക്കിളി, മണ്ണാത്തിപ്പുള്ള്, കുട്ടുറുവൻ, മരംകൊത്തി, ഉപ്പൻ, മൂങ്ങ, പ്രാവ്, പരുന്ത് എന്നിവയിൽ നിന്നും എട്ടോപത്തോ പക്ഷികളെ തെരഞ്ഞെടുത്താൽ മതിയാകും.<br>ഇടവേളകളിൽ സ്കൂൾ പരസരത്ത് എത്ര പക്ഷികളെ കാണാനായി?<br>• അവയുടെ ശബ്ദം ശ്രദ്ധിച്ചുകേട്ട് ക്ലാസിൽ കുട്ടികൾ ശബ്ദാനുകരണം നടത്തണം. സന്നദ്ധതയുള്ള എല്ലാവരും.<br>**ഗുണനിലവാരസൂചകങ്ങൾ**<br>• ശബ്ദം കേട്ടാൽ പക്ഷിയെ തിരിച്ചറിയാനുള്ള കഴിവ് (നിരീക്ഷണശേഷി)<br>• നാട്ടുപക്ഷിയെ കണ്ടാൽ അതുണ്ടാക്കുന്ന ശബ്ദം അനുകരിക്കാനുള്ള കഴിവ്<br>• നാട്ടുപക്ഷികളുടെ ചിത്രം കണ്ടാൽ ഏതു പക്ഷിയാണെന്ന് തിരിച്ചറിയാനുള്ള കഴിവ്<br>• പക്ഷികളെ നിരീക്ഷിക്കാനുള്ള താല്പര്യം | കുട്ടികൾ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പങ്കിട്ട കൗതുകകരമായ കാര്യങ്ങൾ എന്തെല്ലാം? |